# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നം. GL1/4047/24/PALA **അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം**

പാലാ, തീയ്യതി: 07.04.2025

## കെ.എസ്.ആർ.ടി.സി പാലാ ഷോപ്പിംഗ് കോംപ്ലക്സ് പുനർ ദർഘാസ് പരസ്യം

കെ.എസ്.ആർ.ടി.സി പാലാ ഷോപ്പിംഗ് കോംപ്ലക്സിൽ കച്ചവട ആവശ്യങ്ങൾക്കായി 692(2)117sqft, 692(3)177 sqft, 692(4)128 sqft, 692(10)128 sqft, 692(11)128sqft, 692(12)128sqft, 692(13)117 sqft, 692(14)117sqft, 692(15)117 sqft, 692(19)128 sqft. ഷോപ്പുകൾ അനുവദിക്കുന്നതിനായി മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ തുറക്കുന്നതിന് മുൻപ് ലേലം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടർ സമർപ്പിച്ചവർക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളു. രണ്ട് വർഷമാണ് ലൈസൻസ് കാലാവധി.

1. ഓരോ ഷോപ്പിനും വെവ്വേറെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.
2. ഏറ്റവും കൂടുതൽ തുക ലൈസൻസ് ഫീയായി (ചതുരശ്ര അടിക്ക്) വാഗ്ദാനം ചെയ്യുന്നവർക്കാണ് ഷോപ്പ് അനുവദിക്കുന്നത്. വിജയിയായ ടെണ്ടർക്ക് ലേലം/ടെണ്ടർ നടത്തുന്ന അന്നേ ദിവസം തന്നെ താൽക്കാലിക അലോട്ട്മെന്റ് ലെറ്റർ നൽകുന്നതാണ്.
3. അലോട്ട്മെന്റ് ലഭിക്കുന്നവർ പലിശരഹിത സെക്യൂരിറ്റി ഡിപ്പോസിറ്റ് രണ്ട് ഗഡുക്കളായി താഴെ പറയും പ്രകാരം ഒടുക്കേണ്ടതാണ്.
   - A. ഒന്നാമത്തെ ഗഡു (75%) താൽക്കാലിക സ്ഥിരീകരണ ഉത്തരവ് ലഭിക്കുന്ന ദിവസം.
   - B. രണ്ടാമത്തെ ഗഡു (25%) താൽക്കാലിക സ്ഥിരീകരണ ഉത്തരവ് ലഭിച്ച് മുപ്പത് ദിവസത്തിനകം.
4. ഷോപ്പ് അനുവദിച്ച് കിട്ടുന്നവർ കടമുറികളുടെ ചതുരശ്ര അടി വിസ്തീർണ്ണം അടിസ്ഥാനമാക്കി നിശ്ചയിക്കപ്പെട്ട പ്രതിമാസ ലൈസൻസ് ഫീ ഒടുക്കേണ്ടതാണ്.
5. ലൈസൻസ് ഫീയോടൊപ്പം GST ഉം ലൈസൻസ് ഫീയുടെ 5% പൊതുസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായുള്ള അറ്റകുറ്റപണികൾക്കുള്ള ചാർജ്ജായി ഒടുക്കേണ്ടതാണ്.
6. സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഈടാക്കുന്ന നികുതികളും ലൈസൻസി ഒടുക്കേണ്ടതാണ്.
7. ടെണ്ടർ സമർപ്പിച്ചിട്ടുള്ളവർ ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് അതിൽ നിന്നും പിൻവാങ്ങുവാൻ പാടുള്ളതല്ല. അങ്ങനെ വന്നാൽ മേൽ പറഞ്ഞവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.
8. തുടക്കത്തിൽ 2 വർഷത്തേക്കാണ് ലൈസൻസ് അനുവദിക്കുന്നത്. ലൈസൻസ് ഫീ ഓരോ 2 വർഷം കൂടുമ്പോഴും 15% വർദ്ധനവോടെ പരമാവധി 10 വർഷം വരെ ലൈസൻസിയെ തുടരുവാൻ അനുവദിക്കുന്നതാണ്.

ട്രാൻസ്പോർട്ട് ഓഫീസ് കെ.എസ്.ആർ.ടി.സി പാലാ

9. ലൈസൻസ് നീട്ടി നൽകുന്നത് കോർപ്പറേഷന് യുക്തമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ അത്തരത്തിൽ നീട്ടിനൽകുകയുള്ളൂ. ലൈസൻസ് കാലാവധി നീട്ടി നൽകുന്നതിനുള്ള പൂർണ്ണ അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.

10. അലോട്ട്മെന്റ് ലഭിച്ച ശേഷം നിർദ്ദേശിച്ചിട്ടുള്ള തവണ തുക ഒടുക്കിയില്ലെങ്കിൽ നിരതദ്രവ്യം കണ്ടു കെട്ടുന്നതും അലോട്ട്മെന്റ് ക്യാൻസൽ ചെയ്തു ഷോപ്പ് ടെൻഡർ നടപടിക്കു വിധേയമാക്കുന്നതുമാണ്. അങ്ങനെയുള്ളവർക്ക് തുടർന്നുള്ള ലേലം / ടെൻഡർ നടപടികളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയില്ല.

11. ടെണ്ടർ ഫോറം ലേല/ടെണ്ടർ നിബന്ധനകൾ എന്നിവ നിശ്ചയിച്ചിട്ടുള്ള തീയ്യതി വരെ പ്രവർത്തി ദിനങ്ങളിൽ (ഓഫീസ് സമയപരിധിക്കുള്ളിൽ) കെ.എസ്.ആർ.ടി.സി പാലാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

12. നിരതദ്രവ്യം കെ.എസ്.ആർ.ടി.സി പാലാ ഓഫീസിൽ ഒടുക്കാവുന്നതാണ്.

13. ടെണ്ടർ ഫോറത്തിൽ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിരിക്കേണ്ടതാണ്. ടെണ്ടർ ഫോറത്തിൽ ഏത് ഷോപ്പാണ് ആവശ്യമുള്ളത് എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മുദ്രവെച്ച ടെണ്ടർ അടങ്ങിയ കവറിന് പുറത്ത് ഷോപ്പിന്റെ നമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ നടക്കുന്ന ദിവസം, ടെണ്ടറുടെ കൃത്യമായ മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിരിക്കണം. ഇവ രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നത് ആണ്.

14. ടെണ്ടർ തുറക്കുന്നതിന് മുമ്പ് ലേലം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിലും ടെണ്ടറിലും വെച്ച് ഏറ്റവും ഉയർന്ന ലൈസൻസ് ഫീ വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക് ഷോപ്പിനുള്ള അലോട്ട്മെന്റ് താൽക്കാലികമായി നൽകുന്നതാണ്.

15. താൽക്കാലിക അലോട്ട്മെന്റ് ലെറ്റർ ഷോപ്പ് ലഭിക്കുന്നതിനുള്ള അന്തിമ ഉത്തരവ് അല്ല. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുക പൂർണമായും ഒടുക്കിയാൽ മാത്രമേ ഷോപ്പിനുള്ള ലൈസൻസ് നൽകുകയുള്ളൂ. ടെണ്ടർ ഫോറത്തിൽ പ്രസ്താവിച്ചിരിക്കുന്ന വ്യാപാരം അല്ലാതെ മറ്റൊരു വ്യാപാരവും അനുവദിക്കുന്നതല്ല.

16. ലൈസൻസ് ഫീയുടെ നിയമപരമായി അനുവദിച്ചിട്ടുള്ള ഒടുക്കലുകളിൽ ഏതെങ്കിലും ഒരു തുകയുടെ ഒടുക്കലിൽ വീഴ്ച വരുത്തുന്ന ലൈസൻസിയ്ക്ക് യാതൊരു കാരണവശാലും തുടർന്ന് ലൈസൻസ് കാലാവധി പുതുക്കി നൽകുന്നതല്ല.

17. ലൈസൻസ് ഫീ, GST , സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഓൺലൈൻ ആയി യൂണിറ്റ് ഓഫീസറുടെ അക്കൗണ്ട് നമ്പറിൽ മാത്രം ഒടുക്കേണ്ടതാണ്.

18. മുദ്രവെച്ച കവറിൽ താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

a) വില്ലേജ് ഓഫീസർ/തഹസിൽദാർ നൽകിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.

b) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.

c) ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡിന്റെയോ ആധാർകാർഡിന്റെയോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

d) 15.09.2021 തീയ്യതിയിലെ ഇ.എസ് 6/013174/2020 നമ്പർ ലേലം ടെണ്ടർ നിബന്ധനകളുടെ എല്ലാ പേജിലും ടെണ്ടറർ ഒപ്പിട്ടത്.

e) നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖ (ഡിമാന്റ് ഡ്രാഫ്റ്റ് /ക്യാഷ് രസീത്).

f) ടെണ്ടർ ഫോറത്തിന്റെ വില + ജി.എസ്.ടി 12% (ക്യാഷ് രസീത്).

കെ.എസ്.ആർ.ടി.സി പാലാ

g) കോർപ്പറേഷനിൽ നിയമനടപടി നേരിടുന്ന വ്യക്തി അ... സ്താവന.

h) ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തി ക്രിമിനൽ കേസുകളിൽ പ്രതിയായ... എന്ന് സത്യവാങ്മൂലം നൽകേണ്ടതുമാണ്.

i) സർക്കാരോ PSU കളോ Black list ചെയ്തിട്ടില്ല എന്ന സത്യവാങ്മൂലം നൽകേണ്ടതുമാണ്.

19. ഷോപ്പിങ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലം സന്ദർശിച്ച് ഓരോ ഷോപ്പുകളുടേയും കൃത്യമായ സ്ഥാനവും വിസ്തീർണ്ണവും ടെണ്ടറർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ടെണ്ടർ നടപടി സ്വീകരിക്കുമ്പോഴോ അതിനുശേഷമോ ഇത് സംബന്ധിച്ചുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

20. ഏത് ടെണ്ടറും പ്രത്യേകിച്ച് കാരണം കൂടാതെ തന്നെ നിരസിക്കാനുള്ള അധികാരം കെ.എസ്.ആർ.ടി.സി.യുടെ മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

21. ടെണ്ടർ നിബന്ധനകളിലും നോട്ടീസിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഉചിതമായ തീരുമാനം വ്യവസ്ഥകൾക്ക് അതീതമായി എടുക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

22. ടെണ്ടർ തുറന്ന് പരിശോധിക്കുമ്പോൾ വ്യവസ്ഥ പ്രകാരമുള്ള രേഖകൾ ഇല്ലായെങ്കിൽ ബന്ധപ്പെട്ട വ്യക്തിയുടെ ലേലവും ടെണ്ടറും നിരസിക്കുന്നതാണ്.

23. ലേലം / ടെണ്ടർ, ലൈസൻസ് എന്നിവ സംബന്ധിച്ചുണ്ടാവുന്ന കേസുകളുടെ Jurisdiction തിരവനന്തപുരം കോടതികൾക്കായിരിക്കുന്നതാണ്.

നിരതദ്രവ്യം **5000**/- രൂപ (അയ്യായിരം രൂപ മാത്രം) വീതം ഓരോ ഷോപ്പിനും.

| | |
|---|---|
| ടെണ്ടർ ഫോറത്തിന്റെ വില | Rs. 500/- + GST 12% |
| ടെണ്ടർ ഫോറം വിൽപ്പന അവസാനിക്കുന്നത് | 16-04-2025 03:00 PM |
| പൂരിപ്പിച്ച ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി | 21-04-2025 03:00 PM |
| ലേലം ടെണ്ടർ തീയ്യതിയും സ്ഥലവും സമയവും | **22-04-2025 02:00 PM** Shop Numbers 692(2)117sqft, 692(3)177 sqft, 692(4)128 sqft, 692(10)128 sqft, 692(11)128sqft, 692(12)128sqft,692(13)117sqft, 692(14)117sqft, 692(15)117sqft, 692(19)128 sqft. , ATO Office, KSRTC PALA രാവിലെ 02:00 PM മണിമുതൽ |

ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ
പാലാ

NB: കവറിനു പുറത്ത് മേൽ വിലാസം, ടെണ്ടർ നോട്ടീസ് നമ്പർ, തീയ്യതി, ആവശ്യമായ ഷോപ്പിന്റെ നമ്പർ (ഉദാഹരണം : 692(3), 692(4), 692(5) എന്നിങ്ങനെ) എന്നിവ എഴുതി നൽകേണ്ടതാണ്. ഇവ ഉൾപ്പെടാത്ത ടെണ്ടർ അംഗീകരിക്കുന്നതല്ല.

# കേരളസ്റ്റേറ്റ്റോഡ് ട്രാൻസ്പോർട്ട്കോർപ്പറേഷൻ

നമ്പർ: GL1/4047/24/PALA

ടെണ്ടർഫോറത്തിന്റെവില:
500രൂപ + 12% GST

**കെ.എസ്.ആർ.ടി.സി. പാലാ ഷോപ്പിംഗ് കോംപ്ലക്സിൽ**
**രണ്ട്വർഷത്തേക്ക് ഷോപ്പ്ലഭിക്കുന്നതിനുള്ളടെണ്ടർഫോറം**

| | | |
|---|---|---|
| 1. | ലേലം / ടെണ്ടർ നോട്ടീസ് നം: | GL1/4047/24/PALA തീയ്യതി 07-04-2025 |
| 2. | ടെണ്ടർഫോറം സ്വീകരിക്കുന്ന അവസാന തീയ്യതി | 21-04-2025 03:00 PM |
| 3. | ലേലം / ടെണ്ടർ നടക്കുന്ന തീയ്യതിയും ടെണ്ടർ നടക്കുന്ന സ്ഥലവും | **22-04-2025 02:00 PM** –<br>Shop Numbers<br>692(2)117sqft, 692(3)177 sqft, 692(4)128 sqft, 692(10)128 sqft, 692(11)128sqft, 692(12)128sqft, 692(13)117 sqft, 692(14)117sqft,692(15)117 sqft, 692(19)128 sqft.<br>ATO Office, KSRTC PALA |
| 4. | ടെണ്ടററുടെ പേരുംമേൽവിലാസവും പിൻകോഡുംമൊബൈൽ നമ്പറും | |
| 5. | കത്തിടപാടുകൾ നടത്തുന്നതിനുള്ളമേൽവിലാസവും, പിൻകോഡും, മൊബൈൽ നമ്പറും | |
| 6. | ആവശ്യമായ ഷോപ്പിന്റെവിവരം<br>(കോഡ് നമ്പർ വ്യക്തമായിരേഖപ്പെടുത്തേണ്ടതാണ്) | |
| 7. | നടത്തുവാൻ ഉദ്ദേശിക്കുന്ന കച്ചവടം | |
| 8. | പ്രതിമാസംവാഗ്ദാനം ചെയ്യുന്നതുക (ചതുരശ്ര അടിക്ക് ) | |
| 9. | സെക്യൂരിറ്റിഡെപ്പോസിറ്റ്തുക (EMD) (അക്കത്തിലും അക്ഷരത്തിലും) | |
| 10. | നിരതദ്രവ്യം സംബന്ധിച്ചുള്ളവിവരം | ഡി.ഡി. നം: or ക്യാഷ്റസീപ്റ്റ് നമ്പർ<br>..........................................<br>ബാങ്ക്:<br>ബ്രാഞ്ച് :<br>തീയ്യതി : |

ടെണ്ടറുടെ ഒപ്പും പേരും

ട്രാൻസ്പോർട്ട് ആഫീസറുടെ കാര്യാലയം ★ കെ.എസ്.ആർ.ടി.സി പാലാ

# പ്രതിജ്ഞാവാചകം

മുകളിൽ നൽകിയിട്ടുള്ളവിവരങ്ങൾ സത്യസന്ധമാണെന്നും 25-01-2025 തീയതിയിലെ GL1/4047/24/PALA എന്ന നമ്പർ പ്രകാരമുള്ളലേലം/ ടെണ്ടർ നോട്ടീസും, ഇ.എസ്.6/013174/2020 തീയ്യതി15.09.2021-ലെ ടെണ്ടർ നിബന്ധനകളും ഞാൻ വായിച്ചുബോധ്യപ്പെട്ടുവെന്നും ഇവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കൃത്യമായും പാലിച്ച്കൊള്ളാമെന്നും ഞാൻ പ്രതിജ്ഞചെയ്യുന്നു.

മേൽപറഞ്ഞ ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും അംഗീകരിച്ച്ഒപ്പിട്ട് ഞാൻ സമർപ്പിക്കുന്നു.

സ്ഥലം :

തീയ്യതി : ടെണ്ടററുടെഒപ്പ്

--------------------------------------------------------------------------------

**കുറിപ്പ് :**

- എല്ലാ ഭാഗവും പൂരിപ്പിച്ച ടെണ്ടർ ഫാറവും അനുബന്ധരേഖകളും അടങ്ങിയ മുദ്രവെച്ച കവർ (കവറിനു പുറത്ത്മുകളിലായി ആവശ്യമായ ഷോപ്പിന്റെനമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർതീയ്യതിഎന്നിവവ്യക്തമായിഎഴുതിയിരിക്കണം).

.കവറിന്റെതാഴെവലതുഭാഗത്ത്"**ജില്ലാഓഫീസർ, (അഡ്മിനിസ്ട്രേഷൻ & ഫിനാൻസ്) കെ.എസ്.ആർ.ടി.സി. പാലാ**" എന്ന മേൽവിലാസവും, ഇടതുഭാഗത്ത്ടെണ്ടററുടെ പേരും, മേൽവിലാസവുംഎഴുതിയിരിക്കണം.

- മേൽപറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്താത്ത ടെണ്ടററുകൾ സ്വീകരിക്കുന്നതല്ല. കൂടാതെപ്രസ്തുതവ്യക്തിവിളിച്ച ലേലവുംഅസാധുവാക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. പാലാ

## കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ഇ.എസ്.6/013174/20

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്.
തിരുവനന്തപുരം, തീയതി: 15/09/2021.

### കെ.എസ്.ആർ.ടി.സി ഷോപ്പിംഗ്കോംപ്ലക്സിലെ കടമുറികൾ അനുവദിക്കുന്നതിനുള്ള ലേലം/ടെണ്ടർ വ്യവസ്ഥകളും നിബന്ധനകളും

1. കെഎസ്ആർടിസി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ കച്ചവടത്തിനായി ലൈസൻസ് അടിസ്ഥാനത്തിൽ അനുവദിയ്ക്കുന്നതിനുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിയ്ക്കുന്നു. ലേലത്തിലും, ടെണ്ടറിലും വച്ച് ഏറ്റവും ഉയർന്ന പ്രതിമാസ ലൈസൻസ് ഫീ വാഗ്ദാനം ചെയ്യുന്ന ടെണ്ടറർക്ക് ഷോപ്പ് അനുവദിക്കുന്നതാണ്. അപ്രകാരം കടമുറികൾ ലഭിക്കുന്ന ലൈസൻസികൾ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് (IFSD) ഒടുക്കേണ്ടതാണ്. രണ്ട് വർഷമാണ് ലൈസൻസ് കാലാവധി.
2. മുദ്രവച്ച കവറിൽ പൂർണ്ണമായും പൂരിപ്പിച്ച രേഖകൾ (പ്രീക്വാളിഫിക്കേഷൻ ബിഡ് &പ്രൈസ്ബിഡ്) സമർപ്പിച്ചവരെ മാത്രമെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിയ്ക്കുകയുള്ളൂ. ടെണ്ടർ ഫാറത്തിൽ ലൈസൻസ് ഫീ ക്വാട്ടുചെയ്യാത്തവരുടെ ലേലവും ടെണ്ടറും ക്യാൻസൽ ചെയ്യുന്നതായിരിയ്ക്കും. ടെണ്ടറിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത ടെണ്ടർ, കാരണം കൂടാതെ തന്നെ നിരസിയ്ക്കുന്നതാണ്.
3. ടെണ്ടർ ഫാറത്തിൽ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിരിക്കേണ്ടതാണ്. ടെണ്ടർ ഫാറത്തിൽ ഏത് ഷോപ്പാണ് ആവശ്യമുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മുദ്രവച്ച ടെണ്ടറടങ്ങിയ കവറിനു പുറത്ത് ഷോപ്പിന്റെ നമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ നടക്കുന്ന ദിവസം, ടെണ്ടററുടെ കൃത്യമായ മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിരിക്കണം. ഇവ രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.
4. ഓരോ ഷോപ്പിനും വെവ്വേറെ നിരതദ്രവ്യം ഒടുക്കേണ്ടതും ടെണ്ടർ സമർപ്പിയ്ക്കേണ്ടതുമാണ്. ടെണ്ടറിൽ, ഉദ്ദേശിയ്ക്കുന്ന കച്ചവടത്തിൻെറ സ്വഭാവം വ്യക്തമാക്കിയിരിയ്ക്കണം.
5. ലേലം/ടെണ്ടർ നടപടിയിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യം ഓരോ ഷോപ്പിനും 50000/- രൂപ (അമ്പതിനായിരം രൂപ) വീതമാണ്. നിരതദ്രവ്യം കെ.എസ്.ആർ.ടി.സി ........................ ട്രാൻസ്പോർട്ട് ഓഫീസിൽ പണമായി ഒടുക്കാവുന്നതാണ്.
6. ഷോപ്പ് അനുവദിച്ചു കിട്ടിയ വ്യക്തിയുടെ / സ്ഥാപനത്തിൻെറ നിരതദ്രവ്യം, ടി വ്യക്തി/സ്ഥാപനം ഒടുക്കുവാനുള്ള പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വക വയ്ക്കുന്നതാണ്. രണ്ടാമത്തെ ഉയർന്നതുക വാഗ്ദാനം ചെയ്യുന്ന വ്യക്തിയുടെ നിരതദ്രവ്യം വിജയിയായ ടെണ്ടറർ തുക അടയ്ക്കുവാനാരംഭിക്കുന്ന മുറയ്ക്ക് പരമാവധി ആറ് മാസത്തിനകവും ബാക്കിയുള്ളവരുടെ നിരതദ്രവ്യം ഒരാഴ്ചയ്ക്കകവും തിരികെ നൽകുന്നതാണ്.
7. ഒരിക്കൽ സമർപ്പിയ്ക്കപ്പെട്ട ടെണ്ടർ യാതൊരുകാരണവശാലും പിൻവലിയ്ക്കുവാൻ അനുവദിയ്ക്കുന്നതല്ല. ടെണ്ടർ സമർപ്പിച്ച ശേഷം പിൻവലിച്ചവരെയും അലോട്ട്മെൻറ് ലഭിച്ച ശേഷം പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണം

ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസ് കെ.എസ്.ആർ.ടി.സി പാലാ

Scanned with CamScanner

ഒഴിവാക്കപ്പെട്ടവരെയും തുടർന്നുള്ള ടെണ്ടറുകളിൽ പരിഗണിയ്ക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങളിൽ ഒടുക്കിയിട്ടുള്ള EMD കോർപ്പറേഷനിലേക്ക് കണ്ടുകെട്ടുന്നതായിരിക്കും.

8. നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് കുടിശ്ശിക അടയ്ക്കുവാനുള്ളവർ, കെ.എസ്.ആർ.ടി.സി. യുമായി കോടതി വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർ കെ.എസ്.ആർ.ടി.സി. മറ്റ് കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ , പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയിൽ ഏതെങ്കിലും കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തി / സ്ഥാപനത്തിന് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല.

9. <u>വിജയിയായ ടെണ്ടറർക്ക് ലേല ദിവസം തന്നെ ഷോപ്പ് താല്കാലികമായി അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് (provisional letter of allotment) നൽകുന്നതും പ്രസ്തുത വ്യക്തി അന്നേ ദിവസം തന്നെ പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റിന്റെ (IFSD) 75% തുക ഒടുക്കേണ്ടതുമാണ്.</u> .

10. <u>അലോട്ട്മെന്റ് ലെറ്റർ ലഭിയ്ക്കുന്നവർ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ ബാക്കി 25% തുക താത്കാലിക സ്ഥിരീകരണ ഉത്തരവ് നല്കുന്ന ദിവസം മുതൽ 30 ദിവസത്തിനകം ഒടുക്കേണ്ടതാണ്.</u>

11. അലോട്ട്മെൻറ് ലെറ്റർ ലഭിച്ചവർ <u>പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ്</u> ഒന്നാമത്തെ <u>ഗഡു</u> മുകളിൽ (9-ാമത്തെ വ്യവസ്ഥ) പറഞ്ഞിട്ടുള്ള പ്രകാരം ഒടുക്കിയില്ലായെങ്കിൽ അവർ ഒടുക്കിയ നിരതദ്രവ്യം കണ്ടുകെട്ടുന്നതും , രണ്ടാം തവണ (ഗഡു) ഒടുക്കുന്നതിൽ മുടക്കം വരുത്തുകയാണെങ്കിലും നിരതദ്രവ്യവും , 10% പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും കണ്ടുകെട്ടുകയും, അവർക്ക് നൽകപ്പെട്ട അലോട്ട്മെൻറ് റദ്ദ് ചെയ്യുകയും ചെയ്യുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത ഷോപ്പ് കോർപ്പറേഷന് യുക്തമായ പക്ഷം ടെണ്ടറിൽ രണ്ടാമത്തെ ഉയർന്ന പ്രതിമാസ വാടകവാഗ്ദാനം ചെയ്ത വ്യക്തിയ്ക്ക് അലോട്ട് ചെയ്യുകയോ, പുതിയ ടെണ്ടർ നടപടിയ്ക്ക് വിധേയമാക്കുകയോ ചെയ്യുന്നതാണ്.

12. ഖണ്ഡിക (10) പ്രകാരമുള്ള ഒടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് രേഖാമൂലം താക്കോൽ കൈമാറുന്നതും, ടി തീയതി മുതൽ ഒരു മാസത്തിനകം ലൈസൻസി കച്ചവടം ആരംഭിയ്ക്കേണ്ടതുമാണ്. താക്കോൽ കൈമാറുന്ന തീയതി മുതൽ <u>ഉള്ള</u> വാടക കോർപ്പറേഷനിൽ ഒടുക്കേണ്ടതുമാണ്.

13. കച്ചവടം തുടങ്ങുന്നതിന് മുൻപ് മൂന്ന് മാസത്തെ പ്രതിമാസ ലൈസൻസ് ഫീ, സർക്കാർ നിശ്ചയിച്ചിട്ടുള്ള GST സഹിതം ഒടുക്കേണ്ടതാണ്. തുടർന്നുള്ള ഓരോ മാസവും മുൻകൂറായി തന്നെ പ്രതിമാസ ലൈസൻസ് ഫീയും, GSTയും ഒടുക്കേണ്ടതാണ്. ലൈസൻസ് ഫീയുടെ 3 പ്രതിമാസതവണകൾ തുടർച്ചയായി മുടക്കം വരുത്തിയാൽ നോട്ടീസു കൂടാതെ തന്നെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതാണ്. കാലതാമസം വരുത്തുന്ന ഒടുക്കലുകൾക്ക് 18% നിരക്കിൽ പിഴപ്പലിശ ഈടാക്കുന്നതാണ്.

14. സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നിശ്ചയിച്ചിട്ടുള്ളതും ഭാവിയിൽ നിശ്ചയിയ്ക്കുന്നതുമായ എല്ലാവിധ നികുതികളും ലൈസൻസി ഒടുക്കുവാൻ ബാധ്യസ്ഥനാണ്

15. പ്രതിമാസ ലൈസൻസ് ഫീയുടെ 5% തുക പൊതുസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായ അറ്റകുറ്റ പണികൾക്കുള്ള ചാർജ്ജായി എല്ലാ മാസവും ലൈസൻസ് ഫീയോടൊപ്പം അധികമായി ഒടുക്കുവാൻ ലൈസൻസി ബാധ്യസ്ഥനാണ്.

Scanned with CamScanner

16. ലൈസൻസ് അനുവദിക്കപ്പെടുന്ന വ്യക്തി, മൂന്ന് മാസത്തെ ലൈസൻസ് ഫീ (GST ഉൾപ്പെടെ),പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പൂർണ്ണമായും ഒടുക്കി, കച്ചവടം ആരംഭിക്കുന്നതിന് മുൻപായി 200 രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ നിർബന്ധമായും കോർപ്പറേഷനുമായി കരാറിലേർപ്പെടേണ്ടതാണ്. കരാറിലേർപ്പെടാത്തവരുടെ ലൈസൻസ് റദ്ദ്ചെയ്യുന്നതും നിരതദ്രവ്യം, ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എന്നിവ കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതും പ്രസ്തുത ഷോപ്പ് മറ്റു വിധത്തിൽ നൽകുന്നതുമാണ്

17. ഖണ്ഡിക-16 ലെ വ്യവസ്ഥകൾ പ്രകാരമുള്ള തുക പൂർണ്ണമായും ഒടുക്കി കരാറിലേർപ്പെട്ടവർക്ക് മുറികൾ അനുവദിച്ചുകൊണ്ടുള്ള സ്ഥിരീകരണ ഉത്തരവ് (Confirmation order) നൽകുന്നതാണ്. ടി ഉത്തരവ് ലഭിച്ചവരെ ലൈസൻസിയായി കണക്കാക്കുന്നതാണ്. സ്ഥിരീകരണ ഉത്തരവ് നൽകുന്നതോടെ നേരത്തെ നൽകിയ അലോട്ട്മെന്റ് ലെറ്റർ അസാധുവാക്കപ്പെടുന്നതാണ്.

18. ലൈസൻസ് കാലാവധി മുഴുവനും പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് കോർപ്പറേഷനിൽ നിലനിർത്തിയിരിയ്ക്കുന്നതാണ്. ലൈസൻസ് കാലാവധി പൂർത്തിയായതിനു ശേഷം, യൂണിറ്റാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാധ്യതകളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് കുറവ് ചെയ്ത് ബാക്കി മടക്കി നൽകുന്നതാണ്. ലൈസൻസ് കാലാവധി പൂർത്തിയാകുന്നതിനു മുൻപ് ലൈസൻസി കരാറിൽ നിന്നും, മതിയായ മുന്നറിയിപ്പില്ലാതെ പിന്മാറുകയാണെങ്കിൽ ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 25% തുക കണ്ടുകെട്ടുന്നതും ബാക്കിയുള്ള തുക ലൈസൻസ് കാലാവധി അവസാനിച്ച ശേഷം ബാധ്യത കഴിച്ച് മടക്കി നൽകുന്നതുമാണ്.

19. ഏതു കച്ചവടത്തിനാണോ ടെണ്ടർ സമർപ്പിച്ചത് അതിനു മാത്രമെ ലൈസൻസ് നൽകുകയുള്ളു.

20. മദ്യം, ലഹരിപാനീയങ്ങൾ, സർക്കാർ നിരോധിച്ചിട്ടുള്ള സാധനങ്ങൾ, കോർപ്പറേഷന്റെ താല്പര്യത്തിനു വിരുദ്ധമായ കച്ചവടം എന്നിവ ഒരു കാരണവശാലും അനുവദനീയമല്ല.

21. കച്ചവടവുമായി ബന്ധപ്പെട്ട എല്ലാവിധമായ ലൈസൻസുകളും ബന്ധപ്പെട്ട സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വന്തം നിലയിൽ ലൈസൻസി നേടേണ്ടതാണ്.

22. വെള്ളം, വൈദ്യുതി എന്നിവ ലൈസൻസി സ്വന്തം നിലയിൽ കണ്ടെത്തേണ്ടതും, അതിനുവരുന്ന ചെലവ് കോർപ്പറേഷൻ വഹിക്കുന്നതുമല്ല. കോർപ്പറേഷൻ അംഗീകരിച്ച വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ എന്നിവയുടെ ലേ ഔട്ട് പ്ലാൻ ബന്ധപ്പെട്ട അതോറിറ്റിയുടെ മുൻപാകെ സമർപ്പിച്ച് അനുമതി വാങ്ങിയിട്ടായിരിക്കണം കണക്ഷൻ എടുക്കേണ്ടത്.

23. പാചകം ചെയ്യുന്ന ഏതെങ്കിലും കച്ചവടം നടത്തുന്നതിനായിട്ടാണ് ലൈസൻസ് പിടിക്കുന്നതെങ്കിൽ ആയതിന് അനുയോജ്യമായ കടയാണോ എന്ന് പരിശോധിക്കുന്നതും പ്രസ്തുത അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ആയതിന് അനുമതി ലഭിക്കുന്ന തരത്തിൽ ഉത്തരവ് ലഭ്യമാക്കിയതിനു ശേഷമെ കച്ചവടം തുടങ്ങാൻ അനുമതി നൽകുകയുള്ളു. ലൈസൻസ് ലഭിച്ച ശേഷം ഈ രീതിയിലുള്ള ഏതെങ്കിലും കാലതാമസം ഉണ്ടാകുകയാണെങ്കിൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയല്ല

24. ലൈസൻസിയ്ക്ക് അനുവദിയ്ക്കപ്പെട്ട ഷോപ്പ് മറ്റാർക്കെങ്കിലും ഒരു സാഹചര്യത്തിലും പാട്ടത്തിനോ, കീഴ്വാടകയ്ക്കോ മേലാദായത്തിനോ കൈമാറാൻ പാടില്ലാത്തതാണ്. ഇക്കാര്യം കോർപ്പറേഷന്റെ ശ്രദ്ധയിൽപെട്ടാൽ നോട്ടീസു കൂടാതെ തന്നെ ലൈസൻസ് ക്യാൻസൽ ചെയ്ത് ലൈസൻസിയെ പുറത്താക്കുന്നതും ടിയാൻ ഒടുക്കിയ മുഴുവൻ

Scanned with CamScanner

പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റും കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതുമായിരിയ്ക്കും.

25. ഷോപ്പിൽ ജോലി നോക്കുന്നവർക്ക് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട്, ഇ.എസ്.ഐ, സംസ്ഥാന ലേബർ വകുപ്പിൽ രജിസ്ട്രേഷൻ എന്നിവ ആവശ്യമായ പക്ഷം ലൈസൻസി അവ സ്വന്തം ചെലവിൽ പ്രാവർത്തികമാക്കേണ്ടതാണ്. ഈ ഇനങ്ങളിൽ ലൈസൻസ് കാലാവധിയിലോ അതിനുശേഷമോ ഉണ്ടാകാവുന്ന എല്ലാവിധ ബാദ്ധ്യതകളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം ലൈസൻസിയ്ക്കായിരിയ്ക്കുന്നതാണ്. നിയമാനുസൃതം പ്രസ്തുത രജിസ്ട്രേഷനുകൾ വേണ്ടിയിരുന്ന ലൈസൻസികൾ മേൽപറഞ്ഞ രേഖകൾ ഹാജരാക്കിയാൽ മാത്രമേ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകുകയുള്ളൂ.

26. ഷോപ്പും പരിസരവും യഥാവിധി വൃത്തിയായും ശുചിത്വത്തോടെയും സൂക്ഷിയ്ക്കാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്. ചപ്പുചവറുകൾ ലൈസൻസി സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. കോറിഡോർ, പാസ്സേജ്, സ്റ്റെപ്പുകൾ മുതലായവയിൽ യാതൊരു വിധ തടസ്സങ്ങളും (Obstructions) ലൈസൻസി സൃഷ്ടിക്കുവാൻ പാടില്ല. ഷോപ്പും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന ലൈസൻസിക്കുമേൽ പിഴ ചുമത്തുന്നതും ആവർത്തിക്കുകയാ-ണെങ്കിൽ ലൈസൻസ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

27. ഷോപ്പിൻെറ പേര് കോർപ്പറേഷൻ നിശ്ചയിക്കുന്ന ഭാഗത്ത് മാത്രമേ പ്രദർശിപ്പിയ്ക്കു വാൻ അനുവദിയ്ക്കുകയുള്ളു.(ഒന്നിൽ കൂടുതൽ സ്ഥലത്ത് ഷോപ്പിന്റെ പേര് പ്രദർശിപ്പിക്കു വാൻ പാടില്ല)

28. ബ്രോഷറിൽ രേഖപ്പെടുത്തിയിട്ടുള്ള ഷോപ്പുകളുടെ വിസ്തീർണ്ണം ഏറ്റക്കുറച്ചിലുകൾക്ക് വിധേയമണ്, ലൈസൻസി, അയാൾക്ക് അനുവദിച്ച ഷോപ്പിൻെറ രൂപഘടനയ്ക്ക് (Structure) ഒരു കാരണവശാലും സ്ഥായിയായ മാറ്റം വരുത്തുവാൻ പാടുള്ളതല്ല. എന്നാൽ ആവശ്യമായ പക്ഷം മിതമായ താത്കാലിക മാറ്റങ്ങൾക്ക് (alterations, additions, modifications) വസ്തുതകൾ പരിശോധിച്ച് അനുമതി നൽകുന്ന കാര്യം കോർപ്പറേഷൻ പരിഗണിയ്ക്കുന്നതാണ്. എന്നാൽ ഇതിനായി വരുന്ന ചെലവ് കോർപ്പറേഷൻ വഹിക്കുന്നതല്ല.

29. <u>ടെണ്ടർ സമർപിക്കേണ്ടത് രണ്ട് കവറുകളിലാണ് അതായത് പ്രീക്വാളിഫിക്കേഷൻ ബിഡ് , പ്രൈസ് ബിഡ് എന്നിങ്ങനെ 2 കവറുകളിലായി സമർപ്പിക്കേണ്ടതും ,ഓരോ കവറിന്റെ പുറത്തും പ്രീക്വാളിഫിക്കേഷൻ ബിഡ്., പ്രൈസ് ബിഡ് എന്നിങ്ങനെ എഴുതേണ്ടതാണ്.</u>

(A) <u>ഒന്നാമത്തെ കവറിൽ ( പ്രീക്വാളിഫിക്കേഷൻ ബിഡിൽ അടക്കം ചെയ്യേണ്ട രേഖകൾ ,Single owner/ partition owner )</u>

a) വില്ലേജാഫീസർ/ തഹസിൽദാർ നൽകിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
b) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് / Registration സർട്ടിഫിക്കറ്റ്.

Scanned with CamScanner

c) ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡ്, ആധാർ കാർഡ് , PAN കാർഡ് ,സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

d) ഇഎസ്6/031794/2016 തീയതി 15/09/2021 എന്ന ലേലം/ടെണ്ടർ നിബന്ധനകൾ ടെണ്ടറർ എല്ലാപേജിലും ഒപ്പിട്ടത്.

e) നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖ (ഡിമാന്റ് ഡ്രാഫ്റ്റ് / ക്യാഷ് രസീത്)

f) ടെണ്ടർ ഫാറത്തിന്റെ വില + GST 12% (ക്യാഷ് രസീത് / website-ൽ നിന്നും download ചെയ്യതാണെങ്കിൽ ഡിമാൻറ് ഡ്രാഫ്റ്റ്)

g) കോർപ്പറേഷനിൽ നിയമനടപടി നേരിടുന്ന വ്യക്തി / സ്ഥാപനം അല്ലായെന്ന സത്യപ്രസ്താവന

h) ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തി / സ്ഥാപനം ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടില്ലായെന്ന സത്യവാങ് മൂലം നൽക്കേണ്ടതുമാണ്.

i) സാർക്കാരോ PSU-കളോ Black ലിസ്റ്റ് ചെയ്തിട്ടില്ല എന്ന് സത്യവാങ് മൂലം നൽകേണ്ടതാണ്.

j) അനുബന്ധം – 1

(B) രണ്ടാമത്തെ കവറിൽ (<u>പ്രൈസ് ബിഡിൽ അടക്കം ചെയ്യേണ്ടത്</u>)

പൂരിപ്പിച്ച ടെണ്ടർ ഫാറം

<u>മേൽ പറഞ്ഞ (A) & (B) യും പ്രത്യേകം പ്രത്യേകം രണ്ട് കവറുകളിലായി ആയത് ഒരു കവറിൽ സമർപ്പിക്കേണ്ടതാണ് .രേഖകൾ മുഴുവൻ ഇല്ലാത്ത ടെണ്ടർ പരിഗണിക്കുന്നതല്ല .</u>

30. ടെണ്ടർ ദിവസം 11 മണിക്ക് പ്രീകാളിഫിക്കേഷൻ ബിഡ് തുറന്നു പരിശോധിക്കുന്നതും തുടർന്ന് സാധു ആകുന്ന ടെണ്ടറുടെ പ്രൈസ് ബിഡ് അന്നു തന്നെ തുറന്നു പരിശോധിക്കുകയും ചെയ്യും .

31. ലൈസൻസിയ്ക്കു അനുവദിയ്ക്കുന്ന കെട്ടിടത്തിന് ബലക്ഷയം, ക്ഷതം എന്നിവ വരുത്തുവാനോ അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ പാടുള്ളതല്ല. കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന റിപ്പയറിംഗും മെയിൻറനൻസും കോർപ്പറേഷന്റെ അനുമതിയോടെ സ്വന്തം ചെലവിൽ തന്നെ ലൈസൻസി ചെയ്യേണ്ടതാണ്.

32. ലൈസൻസി ലേലം / ടെണ്ടർ നിബന്ധനകളും, കരാറിലെ വ്യവസ്ഥകളും കൂടാതെ, കോർപ്പറേഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളും പാലിക്കുവാൻ ബാധ്യസ്ഥനാണ്. ഇവ പാലിയ്ക്കാത്ത ലൈസൻസികളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതും ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കോർപ്പറേഷൻ കണ്ടുകെട്ടുന്നതും അനുവദിച്ച ഷോപ്പ് ഏറ്റെടുക്കുന്നതുമാണ്.

33. ലൈസൻസ് ഫീസ് ഇനത്തിലോ മറ്റ് നടപടി ക്രമങ്ങളിലൊ യാതൊരു വീഴ്ചയും വരുത്താതെയുള്ള നിലവിലെ ലൈസൻസിക്ക് കോർപ്പറേഷൻ കാലാകാലങ്ങളിൽ

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഓഫീസ് പാലാ

Scanned with CamScanner

നിർദ്ദേശിക്കുന്ന നിബന്ധനകൾ അനുസരിച്ചും ടിയാന്റെ ലൈസൻസ് കാലാവധി നീട്ടി കിട്ടാൻ അപേക്ഷ നൽകാവുന്നതും <u>നടപ്പുകാലാവധിയിലെ ലൈസൻസ് ഫീസിൽ 15% ത്തിൽ കുറയാതെയുള്ള വർദ്ധനവോടെ രണ്ട് വർഷം കൂടുമ്പോഴും ലൈസൻസ് കാലാവധി നീട്ടി നൽകുന്നതാണ്.</u> അപ്രകാരം ലൈസൻസി അപേക്ഷ നൽകിയാലും ലൈസൻസ് കാലാവധി നീട്ടിനൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനുള്ള പൂർണ്ണ അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിട്ടുള്ളതും ആയതിനെ ചോദ്യം ചെയ്യാനോ ആയത് നീട്ടികിട്ടണമെന്ന അവകാശവാദവുമായി കോടതിയെ സമീപിക്കാനോ നിലവിലെ ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(a) ലൈസൻസ് കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ലൈസൻസ് കാലാവധി തീരുന്നതിന് മൂന്ന് മാസങ്ങൾക്ക് മുമ്പ് ലൈസൻസി സമർപ്പിച്ചിരിക്കേണ്ടതാണ്. ലൈസൻസ് കാലാവധി നീട്ടി നൽകുന്ന മുറയ്ക്ക് രണ്ട് വർഷം കൂടുമ്പോഴും പുതിയതായി കരാറിൽ ഏർപ്പെടേണ്ടതാണ്.

34. കരാർ കാലാവധിയിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ നിലവിലെ ലൈസൻസ് കാലാവധി പൂർത്തിയാകുന്നതുവരെ മാത്രം ലൈസൻസിയുടെ നിയമാനുസൃത അവകാശിയെ പ്രതിമാസ ലൈസൻസ് ഫീ ഒടുക്കിക്കൊണ്ട് തുടരുവാൻ അനുവദിയ്ക്കുന്നതാണ്. ലൈസൻസി മൂലം ബാധ്യതകളെന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത അവകാശി തീർക്കേണ്ടതുമാണ്. ആയതിന് ശേഷമുള്ള യാതൊരു അവകാശങ്ങളും നിലനിൽക്കുന്നതല്ലായെന്നും,ലൈസൻസ് കാലാവധിക്ക് ശേഷം പുനർ ലേലം / ടെണ്ടറിലൂടെ പുതിയ ലൈസൻസിയെ കണ്ടെത്തുന്നതാണ്.

35. കോർപ്പറേഷന്റെ ഉത്തരവാദിത്വപ്പെട്ട അധികാരികൾക്ക് ഏതു സമയത്തും മുന്നറിയിപ്പില്ലാതെ ഏതു ഷോപ്പും പരിശോധിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

36. പ്രത്യേകിച്ച് കാരണം കൂടാതെ തന്നെ ഏതു ടെണ്ടറും നിരസിയ്ക്കാനുള്ള പരിപൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

37. ലേലം/ടെണ്ടർ, ലൈസൻസ് എന്നിവ സംബന്ധിച്ചുണ്ടാകാവുന്ന കേസുകളുടെ അധികാര പരിധി തിരുവനന്തപുരം കോടതികൾക്കായിരിക്കുന്നതാണ്.

38. കരാർ വ്യവസ്ഥകളിൽ പറയുന്ന കാര്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ലൈസൻസിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ തന്നെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള അവകാശം ലൈസൻസർക്കുണ്ട്.

<u>നിരതദ്രവ്യം -50000/- രൂപ (അമ്പതിനായിരം രൂപ) വീതം ഓരോ ഷോപ്പിനും</u>
<u>ടെണ്ടർ ഫോറത്തിന്റെ വില -Rs.2000/- + 12%GST</u>

എസ്റ്റേറ്റ് ഓഫീസർ

ഓഫീസറുടെ കാര്യാലയം കെ.എസ്.ആർ.ടി.സി പാലാ

Scanned with CamScanner

S001 CO

ഭരണ ഭാഷ മാതൃഭാഷ

**കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ**

ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം-695023 ഫോൺ: 0471-2471011,

ഫാക്സ്:0471-2478685/2462679, ഇമെയിൽ: cmd@kerala.gov.in, വെബ്സൈറ്റ്: keralartc.com

നമ്പർ. S001-ES01/110/2024 തീയതി:02-11-2024

**മെമ്മോറാണ്ടം**

വിഷയം :- കെ. എസ്. ആർ. ടി. സി യുടെ വിവിധ ബസ് സ്റ്റേഷനുകളിൽ പ്രവർത്തിച്ച് വരുന്ന കച്ചവട സ്ഥാപനങ്ങളുടെയും ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ളവയുടെയും നിരതദ്രവ്യ തുക പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച് :-

സൂചന :-

1. ES1/036965/2017 തീയതി: 22/1/2021 -ലെ കച്ചവട സ്ഥാപനങ്ങളുടെ വ്യവസ്ഥകൾ.
2. ES6/013174/2020 തീയതി: 15/09/2021 -ലെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ ടെണ്ടർ വ്യവസ്ഥകൾ.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കെ.എസ്.ആർ.ടി.സിയുടെ വിവിധ ബസ് സ്റ്റേഷനുകളിൽ പ്രവർത്തിച്ച് വരുന്ന ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളുടെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിനുള്ള നിലവിലെ നിരതദ്രവ്യ തുക , ടെണ്ടർ ഫാറം വില എന്നിവ ചുവടെപ്പറയുന്ന പ്രകാരം പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

| കച്ചവട സ്ഥാപനങ്ങൾ | നിരതദ്രവ്യ തുക | | ഫാറം വില | |
|---|---|---|---|---|
| | നിലവിൽ | പുതുക്കിയത് | നിലവിൽ | പുതുക്കിയത് |

| | | | | |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 50,000 | 5,000 | 2,000+12% GST | 500+12% GST |
| സ്റ്റാൾ, ക്യാന്റീൻ, പെയ്ഡ് യൂറിനൽ, പേ&പാർക്ക് മുതലായവ | 50,000 | 5,000 | 100 + 12% GST | 100 + 12 % GST |

ഈ ഉത്തരവ് 01 /11 /2024 മുതൽ ക്ഷണിക്കുന്ന ടെണ്ടറുകൾക്ക് പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

P S PRAMOJ SANKAR
CHAIRMAN & MANAGING DIRECTOR(KSRTC-HQ)

സ്വീകർത്താവ് :എല്ലാ യൂണിറ്റ് ഓഫീസർമാർക്കും